**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3027** **22-06-2012 - ലെ മറുപടിയ്ക്ക്**

## നാളികേരോല്പാദക സംഘങ്ങൾ കേര കർഷകർക്ക് നൽകുന്ന പരിശീലനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>,, ചിറ്റയം ഗോപകുമാർ<br>,, വി. എസ്. സുനിൽ കുമാർ<br>,, കെ. രാജു | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നാളികേര വികസന ബോർഡിനു കീഴിൽ എത്ര നാളികേരോല്പാദന സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഈ സംഘങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | വിവിധ ജില്ലകളിലായി 1349 നാളികേരോൽപാദക സംഘങ്ങൾ നാളികേര വികസന ബോർഡിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം-1 ൽ കൊടുത്തിരിക്കുന്നു.<br>നാളികേര ഉൽപാദക സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അനുബന്ധം -2 ൽ കൊടുത്തിരിക്കുന്നു. |
| (ബി) ഓരോ നാളികേരോല്പാദക സംഘത്തിലും പരമാവധി എത്ര കർഷകർക്കുവരെ അംഗത്വം നൽകുന്നുണ്ട്; | (ബി) | ഒരു നാളികേര ഉൽപാദക സംഘത്തിൽ 40 മുതൽ 100 വരെ കർഷകരുണ്ടാകുന്നതാണ് അഭികാമ്യം. അംഗത്വം 100 കവിഞ്ഞാലും സംഘത്തിനായി തീരുമാനിക്കപ്പെട്ടിട്ടുള്ള പ്രവർത്തന പരിധിയിൽ വരുന്ന അംഗത്വമെടുക്കാൻ താൽപര്യമുള്ള എല്ലാ കർഷകരെയും സംഘത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. |
| (സി) പ്രസ്തുത സംഘങ്ങളുടെ ആഭിമുഖ്യത്തിൽ കേര കർഷകർക്ക് ഏതെങ്കിലും തരത്തിലുള്ള പരിശീലനങ്ങൾ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം, ഇതിനകം എത്ര കർഷകർക്ക് പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) | നിയമാവലി പ്രകാരം, നാളികേര ഉൽപാദക സംഘത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടത് പ്രസിഡന്റ് അദ്ധ്യക്ഷനായിട്ടുള്ള 7 അംഗ ഭരണ സമിതിയാണ്. ഈ ഭരണ സമിതിയംഗങ്ങൾക്കുവേണ്ടി ആദ്യ ഘട്ടത്തിൽ ജില്ലാ തലത്തിൽ 3 ദിവസം വരെ നീണ്ടു നിൽക്കുന്ന നേതൃത്വ പരിശീലന പരിപാടി ബോർഡ് നടത്തുന്നുണ്ട്. എറണാകുളം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ പരിശീലനം ആരംഭിച്ചു കഴിഞ്ഞു. ഇതിനോടകം ഈ ജില്ലകളിലായി 412 ഭരണ |

സമിതി അംഗങ്ങൾക്ക് പരിശീലനം നൽകിക്കഴിഞ്ഞു. ഈ വർഷം എല്ലാ ജില്ലകളിലുമായി 5000 ത്തിലേറെ ഭാരവാഹികൾക്ക് പരിശീലനം നൽകുവാനാണ് ബോർഡ് ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം - I

| ജില്ല | രജിസ്റ്റർ ചെയ്ത സി.പീ.എസ്സുകളുടെ എണ്ണം |
|---|---|
| കാസർഗോഡ് | 201 |
| കണ്ണൂർ | 176 |
| കോഴിക്കോട് | 261 |
| മലപ്പുറം | 133 |
| പാലക്കാട് | 47 |
| തൃശ്ശൂർ | 93 |
| എറണാകുളം | 49 |
| ആലപ്പുഴ | 157 |
| കൊല്ലം | 177 |
| തിരുവനന്തപുരം | 48 |
| കോട്ടയം | 5 |
| പത്തനംതിട്ട | 1 |
| വയനാട് | 0 |
| ഇടുക്കി | 4 |
| **ആകെ** | 1352 |

# അനുബന്ധം - II

**സംഘത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

(i) പ്രവർത്തന പരിധിയിലുള്ള നാളികേര കർഷകരുടെ സമഗ്രമായ സാമ്പത്തികവും സാമൂഹ്യവും സാംസ്ക്കാരികവുമായ ഉന്നമനത്തിനായി പ്രവർത്തിക്കുക.

(ii) അംഗങ്ങളുടേയും അവരുടെ കുടുംബാംഗങ്ങളുടേയും സാംസ്കാരികവും, വിദ്യാഭ്യാസപരവും, ആരോഗ്യകരവും ശുചിത്വ പൂർണ്ണവുമായ ജീവിത സാഹചര്യങ്ങളിൽ അഭിവൃദ്ധി ഉണ്ടാക്കുകയും സംഘാംഗങ്ങൾക്കായി ഉചിതമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

(iii) നാളികേര മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷണ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയും, പ്രദർശനങ്ങളിൽ പങ്കെടുക്കുകുയും, പഠന പര്യടനങ്ങളിൽ പങ്കെടുക്കുകയും ചെയ്യുക.

(iv) ഉത്പാദനം, സംഭരണം, സംസ്ക്കരണം, വിപണനം, എന്നിവയിലുള്ള നൂതന സാങ്കേതിക വിദ്യകൾ അംഗങ്ങളായ കർഷകർക്ക് പകർന്ന് നൽകുക.

(v) കൃഷി വകുപ്പും, കാർഷിക ഗവേഷണ സ്ഥാപനങ്ങളും നിഷ്കർഷിക്കുന്ന കൃഷിരീതികൾ അവലംബിക്കുക.

(vi) ചെറുകിട കർഷകരുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും, സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയിലൂടെ വരുമാനം വർദ്ധിപ്പിക്കുകയും, കർഷകരെയും നാളികേര വികസന ബോർഡിനേയും ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുകയും ചെയ്യുക.

(vii) കാര്യക്ഷമമായ കൃഷിരീതികൾ അവലംബിച്ച് കൃഷിച്ചെലവുകൾ കുറയ്ക്കുക.

(viii) അംഗങ്ങൾക്ക് ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുക.

(ix) വളങ്ങളും കാർഷിക ഉപകരണങ്ങളും കർഷകർക്ക് ന്യായ വിലയ്ക്ക് ലഭ്യമാക്കുക.

(x) നാളികേരത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനു പ്രാഥമിക സംസ്ക്കരണത്തിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

(xi) അംഗങ്ങളുടെ നാളികേരം സ്വരൂപിച്ച് കൂട്ടായി വിപണനം നടത്തുക.

(xii) ഉത്പന്ന വൈവിദ്ധ്യവൽക്കരണത്തിനും മൂല്യ വർദ്ധനവിനുമുള്ള നടപടികൾ എടുക്കുക.

(xiii) സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാരേതര ഏജൻസികൾ എന്നിവരുമായി നല്ല ബന്ധം പുലർത്തുക.

(xiv) ഉദ്ദേശ ലക്ഷ്യ സാക്ഷാത്കാരത്തിനുള്ള പ്രവർത്തന ഫണ്ട്, അഡ്മിഷൻ ഫീസ്, വരിസംഖ്യ, സർക്കാർ ഏജൻസികളിൽ നിന്നുള്ള സബ്സിഡി, ഗ്രാൻഡ്, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ലോൺ മുതലായ മാർഗ്ഗങ്ങളിലൂടെ സംഭരിക്കുക.